(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം 2006-07 വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി 156.15 കോടി രൂപയും 2007-08 വർഷം വെള്ളപ്പൊക്കം, വേനൽമഴ എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾക്കായി 791.29 കോടി രൂപയും 2008-09 വർഷം വേനൽ മഴയുമായി ബന്ധപ്പെട്ട് 214.88 കോടി രൂപയും 2009-10 വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി 334.30 കോടി രൂപയും 2010-11 വർഷം വരൾച്ച ദുരിതാശ്വാസത്തിനായി 164 കോടി രൂപയും നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും അധിക ധനസഹായമായി ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12-ാം ധനകാര്യ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഓരോ സാമ്പത്തിക വർഷവും നിശ്ചയിച്ചിട്ടുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ഇനത്തിൽ ലഭിച്ച തുകയുടെയും 2010-11 വർഷം 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ലഭിച്ച തുകയുടെയും കൂടാതെ സംസ്ഥാനം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അധിക ധനസഹായമായി നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു :

വർഷം	സി.ആർ.എഫ് കോർപ്പസ് (In crore)		എൻ. സി. സി. എഫ് (In crore)
	കേന്ദ്ര സംസ്ഥാന വിഹിതം	വിഹിതം	
2006-07	67.33	22.44	....
2007-08	70.70	23.57	50.8140
2008-09	74.23	24.75	9.476
2009-10	77.93	25.98	....
2010-11	49.155	....	....

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

120 (5319) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന് കേന്ദ്രസഹായമായി ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദുരന്ത ബാധിതരുടെ പുനരധിവാസം സംബന്ധിച്ച് വയനാട് ജില്ലയിലെ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിന് ലഭിക്കുന്ന പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയുടെ (CRF) 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. കൂടാതെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസത്തിനായി നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ (NCCF) നിന്നും ചില അവസരങ്ങളിൽ പ്രത്യേക കേന്ദ്ര സഹായം ലഭിക്കാറുണ്ട്. ഇപ്രകാരം കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും കേന്ദ്ര സഹായമായി ലഭിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു :

വർഷം	CRF(in crore)	NCCF(in crore)
2006-07	67.33	....
2007-08	70.70	50.814
2008-09	74.23	9.476
2009-10	77.93	....

(ബി) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന വിഹിതം ഉൾപ്പെടെ ലഭ്യമായ തുകയിൽ നിന്ന് കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനം ചെലവഴിച്ച തുക താഴെ ചേർക്കുന്നു :

വർഷം	ചെലവഴിച്ച തുക (in crore)
2006-07	97.20
2007-08	195.81
2008-09	106.45
2009-10	128.88

(സി) വയനാട് ജില്ലയിലെ കോട്ടപ്പടി വില്ലേജിൽപ്പെട്ട കുന്നമംഗലം പ്രദേശത്തെ ദുരന്ത ഭീഷണി നേരിടുന്ന 48 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 4.66 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ഒരു കുടുംബത്തിന് 8 സെന്റ് സ്ഥലം വീതം അനുവദിക്കുകയും ആയതിന്റെ കൈവശരേഖ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2007-ലെ കാലവർഷത്തിൽ ഉരുൾപൊട്ടൽ ഉണ്ടായ കാഞ്ഞിരങ്ങാട് വില്ലേജിലെ വാളാന്തോട് പ്രദേശത്തെ 18 കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനു തീരുമാനിക്കുകയും അതിനുവേണ്ടി 2 ഏക്കർ സ്ഥലം കണ്ടെത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ കുടുംബങ്ങളിൽപ്പെട്ട 12 പേർക്ക് ഇതിനകം 9 സെന്റ് സ്ഥലം വീതം നൽകിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly